"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷൻ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരിക്കെ സസ്പെൻഷനിലായ ശ്രീ പ്രകാശ് കുമാർ.സി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1106/2024 നമ്പർ കേസിലെ 18.07.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1827/2024/LSGD തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2024 തീയതിയിലെ LSGD/PD/69803/2023-VIGA2 നമ്പർ ഉത്തരവ്.
2. ശ്രീ പ്രകാശ് കുമാർ.സി. സർക്കാരിൽ സമർപ്പിച്ച 13.06.2024 തീയതിയിലെ അപേക്ഷ(അനക്ഷർ എ7 )
3. ശ്രീ പ്രകാശ് കുമാർ.സി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1106/2024 നമ്പർ കേസിലെ 18.07.2024 തീയതിയിലെ ഉത്തരവ്
4. തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 03.09.2024 തീയതിയിലെ LSGD/JD/TVM/4720/2024-A2 നമ്പർ റിപ്പോർട്ട്.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.09.2024 തീയതിയിലെ LSGD/PD/69803/2023-VIGA2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ല ജോയിന്റ് ഡയറക്ടർ ആഫീസിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ സമർപ്പിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിലും തിരുവനന്തപുരം കോർപ്പറേഷൻ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ പ്രകാശ് കുമാർ.സി.-യുടെ ഭാഗത്ത് നിന്നും ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, ചട്ടലംഘനം എന്നിവ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ഉത്തരവ് പ്രകാരം ടിയാനെ ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. പ്രസ്തുത സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന ആവശ്യവുമായി പരാമർശം 2 പ്രകാരം ശ്രീ പ്രകാശ് കുമാർ.സി അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ പ്രസ്തുത ആവശ്യവുമായി ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1106/2024 നമ്പർ കേസിലെ പരാമർശം 3 ഉത്തരവ് പ്രകാരം

അപേക്ഷകൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷ(അനക്ഷർ എ7) 1960 ലെ കെ.സി.എസ്.(സി.സി.&എ) റൂൾ 22 പ്രകാരമുള്ള അപ്പീൽ അപേക്ഷയായി കണക്കാക്കി ആയതിൽ ഉത്തരവ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. മേൽ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടേ ചേർക്കും പ്രകാരമാണ്,

കുടപ്പനക്കുന്ന് സോണൽ ഓഫീസിൽ റവന്യൂ ഇൻസ്പെക്ടറായി ജോലി നോക്കിവരുന്ന ശ്രീ.പ്രകാശ് കുമാർ ഓരോ ആവശ്യങ്ങൾക്കായി ഓഫീസിലെത്തുന്ന അപേക്ഷകരേയും കൂട്ടി സ്ഥല പരിശോധനയ്ക്ക് എന്ന പേരിൽ ഓഫീസിനു പുറത്തേക്ക് പോകുന്നുവെന്നും ആയത് ഓരോ ആൾക്കാരിൽ നിന്നും കൈക്കൂലി വാങ്ങുന്നതിനുള്ള ഒരു മറ സൃഷ്ടിക്കുന്നതിനു വേണ്ടിയാണെന്നും, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, താമസ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾക്ക് ടിയാൻ അപേക്ഷകരിൽ നിന്നും പണമോ മദ്യമോ മറ്റ് പാരിതോഷികങ്ങളോ വാങ്ങാതെ സർട്ടിഫിക്കറ്റ് അനുവദിക്കാറില്ലായെന്നും തനിക്ക് ലഭിക്കുന്ന അപേക്ഷകളിൽ അവഗണിച്ച് കളയാൻ കഴിയുന്ന തരത്തിലുള്ളതും നിസാരമായ ന്യൂനതകൾ ഗൗരവസ്വഭാവത്തിലുള്ളതാണെന്ന് വരുത്തി തീർത്ത് അപേക്ഷകരുമായി വിലപേശൽ നടത്തി ടിയാൻ ആഗ്രഹിക്കുന്ന തുക കൈക്കൂലിയായി ലഭിക്കുമെന്ന് ഉറപ്പ് വരുത്തി ആദ്യം തയ്യാറാക്കുന്ന റിപ്പോർട്ട് ഉൾപ്പെടുന്ന പേജ് ഫയലിൽ നിന്നും നീക്കം ചെയ്ത ശേഷം പുതിയ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ ചേർക്കുന്നതായി അറിയുന്നതായും, ഫീൽഡ് പരിശോധന നടത്തുന്ന അവസരത്തിൽ അപേക്ഷകനിൽ നിന്നും കൈക്കൂലിയായി മദ്യം വാങ്ങുന്ന അവസരങ്ങളിൽ ടിയാൻ ആയത് ഓഫീസിൽ കൊണ്ട് വന്നതിന് ശേഷം ഓഫീസിൽ വച്ച് വിറ്റ് പണമാക്കുന്നതുമുൾപ്പടെ അതീവ ഗൗരവതരവും ഏറ്റവും മോശമായതുമായ അച്ചടക്ക ലംഘനം ടിയാൻ നടത്തി വരുന്നതായി തിരുവന്തപുരം ജില്ല ജോയിന്റ് ഡയറക്ടർ ആഫീസിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തതിനെതുടർന്ന് ടി വിഷയത്തിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇൻറേണൽ വിജിലൻസ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിലെ കുടപ്പനക്കുന്ന് സോണൽ ഓഫീസിൽ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് വിഭാഗം 10.05.2024 തീയതിയിൽ നടത്തിയ പരിശോധനയിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാർ മദ്യവും പണവും കൈക്കൂലിയായി വാങ്ങുന്നുണ്ട് എന്ന് കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ നിലവിലെ ചാർജ് ഓഫീസർ മൊഴി നൽകിയിട്ടുണ്ട് എന്നും ചാർജ് ഓഫീസറുടെ മൊഴിയിൽ 2023 ഒക്ടോബർ മാസത്തിൽ സോണൽ ഓഫീസിന്റെ ചാർജുള്ള ഹെൽത്ത് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടിയപ്പോൾ കൗൺസിലറുടെ സഹോദരന്റെ കയ്യിൽ നിന്നും ഉൾപ്പെടെ സേവനങ്ങൾ നൽകുന്നതിന് മദ്യം പാരിതോഷികമായി വാങ്ങിയെന്നും, പുതിയ വീടിന്റെ നമ്പർ നൽകുന്നതിനായി പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നുണ്ടെന്നും കൗൺസിലർ ആരോപിച്ചിരുന്നതായും, കൗൺസിലറുടെ ആരോപണം റവന്യൂ ഇൻസ്പെക്ടർ മിറ്റിംഗിൽ നിഷേധിച്ചിട്ടുമില്ലെന്നും ചാർജ് ഓഫിസർ മൊഴി നൽകിയിട്ടുണ്ട്. റവന്യൂ ഇൻസ്പെക്ടർ ഓഫീസിൽ കൊണ്ടുവന്ന് മദ്യം വിൽപ്പന നടത്തുന്നുവെന്ന അരോപണത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാറിന്റെ ഓഫീസ് അലമാര തുറന്നു പരിശോധിച്ചതിൽ അലമാരയിൽ മദ്യക്കുപ്പി കാണുകയും, ടി വിവരം നഗരസഭാ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ചാർജ്ജ് ഓഫീസർ തന്റെ മൊഴിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

17/11/2023 -ൽ തിരുവനന്തപുരം നഗരസഭയുടെ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ ചാർജ് ഓഫിസറായ ശ്രീമതി ജയകുമാരി ഓഫീസിൽ ഉണ്ടായിരിക്കെ, കെട്ടിട വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി നികുതി അടയ്ക്കുന്നതിനായി ലഭിച്ച രണ്ട് അപേക്ഷകളിൽ (ഫയൽ നം A9/4100/23, A9/4519/23) ഫയൽ നോട്ട് രേഖപ്പെടുത്തി റവന്യു ഇൻസ്പെക്ടർ ആയ ശ്രീ. പ്രകാശ് കുമാർ "Charge officer incharge" എന്ന് ഒപ്പ് വെച്ച് അപ്രൂവൽ നൽകി ഡാറ്റാ എൻടി നടത്തുന്നതിന് സെക്ഷനിൽ നൽകിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നഗരസഭാ സെക്രട്ടറിക്ക് ചാർജ് ഓഫീസറായ ശ്രീമതി ജയകുമാരി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ചാർജ്ജ് ഓഫീസർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടി രണ്ട് ഫയലുകളും ഓഫീസിൽ നിന്ന് നശിപ്പിക്കപ്പെടുകയോ, കാണാതാവുകയോ ചെയ്തിട്ടുണ്ട്. തുടർന്ന് K-Smart നിലവിൽ വന്ന ശേഷം ടി കെട്ടിടങ്ങളുടെ വിവരങ്ങൾ വീണ്ടും ഡേറ്റാ എൻടി നടത്തി ഫയൽ തന്നെ കാണിക്കാതെ തെറ്റിദ്ധരിപ്പിച്ച് അപ്രൂവ് ചെയ്യുകയുണ്ടായെന്നും ചാർജ് ഓഫീസർ മൊഴി നൽകിയിട്ടുണ്ട്. ടി രണ്ട് കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡാറ്റ എൻടി ചെയ്യുന്നതിനുള്ള ഫിസിക്കൽ ഫയൽ സെക്ഷൻ ക്ലർക്ക് ആരംഭിക്കുന്നതിനു പകരം റവന്യു ഇൻസ്പെക്ടർ തന്നെ ഫയൽ ആരംഭിക്കുകയും, കെട്ടിട ഉടമ പൂരിപ്പിക്കേണ്ട ഫോറം-2 റവന്യു ഇൻസ്പെക്ടർ ശ്രീ.പ്രകാശ് കുമാർ പൂരിപ്പിച്ചതായും കാണുന്നു. മേൽപ്പറഞ്ഞ അപേക്ഷകളിൽ ഒരു അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഒരു വർഷം മുൻപ് മരിച്ചുപോയ ആളുടെ ഒപ്പാണ് എന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ഒരു കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടാതെ വിട്ടുപോയിട്ടുണ്ടെങ്കിലും, തെറ്റായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടായിരിക്കെ ചാർജ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ച് ടി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി ആധികാരികമാക്കാൻ ശ്രമിച്ചതും, ആയത് കണ്ടെത്തി ചാർജ് ഓഫീസർ നഗരസഭ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ച ശേഷവും നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ K-Smart ൽ ഉൾപ്പെടുത്തുന്നതിനുള്ള LDMS സോഫ്റ്റ്വെയർ മുഖേന ചാർജ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ച് അപ്രൂവ് ചെയ്യിച്ച റവന്യൂ ഇൻസ്പെക്ടറുടെ നടപടി ദുരുഹവും തികഞ്ഞ കൃത്യവിലോപവുമാണ്. A2/860/2023, A9/1525/2023 നമ്പർ ഫയലുകളിൽ ചാർജ് ഓഫീസർ ഓഫീസിലുണ്ടായിരിക്കെ ചാർജ് ഓഫീസറുടെ ചുമതല വഹിക്കുന്നു എന്ന വ്യാജേന റവന്യു ഇൻസ്പെക്ടർ ഒപ്പിട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഫയൽ അപ്രൂവിംഗിന് ചുമതലപ്പെട്ട ചാർജ്ജ് ഓഫീസർ ശ്രീമതി ജയകുമാരി ഓഫീസിൽ ഉണ്ടായിരിക്കെ റവന്യു ഇൻസ്പെക്ടർ ആയ ശ്രീ.പ്രകാശ് കുമാർ ഫയലിൽ In Charge എന്ന് രേഖപ്പെടുത്തി അപ്രൂവൽ നൽകിയത് അധികാര ദുർവിനിയോഗവും, രേഖകളിൽ കൃത്രിമം വരുത്തുക എന്നുള്ള ഉദ്ദേശത്തോടു കൂടിയാണെന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്.

കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ പരിശോധനയുടെ ഭാഗമായി 10/05/2024-ൽ A2/1775/22 നമ്പർ ഫയൽ പരിശോധിച്ചതിൽ ശ്രീ. ഷാജി എസ് -ന്റെ ഉടമസ്ഥതയിലുള്ള കുടപ്പനക്കുന്ന് വില്ലേജിലെ സർവ്വേ നമ്പർ 439/15-1 ൽ ഉൾപ്പെട്ട 3.48 Are സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ബെയ്സ് മെൻറ് ഫ്ലോറിൽ ഇലക്ട്രിക്കൽ റൂമായി കാണിച്ചിട്ടുള്ളതും, LSGD Engineering Wing -ൽ നിന്നും ഇലക്ട്രിക്കൽ റൂമായി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയത് നിയമ വിരുദ്ധമായി ഷോപ്പായി അസസ്സ് ചെയ്ത് കെട്ടിട നമ്പർ നൽകിയതിൽ സ്ഥലപരിശോധന റിപ്പോർട്ട് തയ്യാറാക്കി ശുപാർശ ചെയ്തത് റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാറാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് 2019 ലെ KMBR

ലംഘനമാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യാജരേഖ ചമയ്ക്കൽ, അധികാര ദുർവിനിയോഗം, പെരുമാറ്റദൂഷ്യം, അഴിമതി എന്നിവ നടത്തിയ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാർ -നെ അടിയന്തരമായി സസ്പെൻഡ് ചെയ്ത് അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണ് എന്ന ശിപാർശയോടെ ഇന്റേണൽ വിജിലൻസ് ആഫീസർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായതായും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാർ പ്രസ്തുത ഓഫീസിൽ പ്രവർത്തിക്കുന്നത് തുടർന്നുള്ള അന്വേഷണങ്ങളെ ദോഷകരമായി ബാധിക്കും എന്നതുകൊണ്ടും ശ്രീ.പ്രകാശ് കുമാർ വ്യാജരേഖ ചമയ്ക്കൽ, അധികാരദുർവിനിയോഗം, പെരുമാറ്റ ദൂഷ്യം, അഴിമതി എന്നിവയും ടിയാന്റെ ഭാഗത്ത് നിന്നുമുള്ള പ്രവൃത്തികൾ ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, ചട്ടലംഘനം ആണെന്നു കണ്ട് 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 10 അനുശാസിക്കും പ്രകാരം തിരുവനന്തപുരം നഗരസഭ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പ്രകാശ് കുമാർ- നെ അന്വേഷണത്തിനും അച്ചടക്കനടപടികൾക്കും മുന്നോടിയായി ഉടൻ പ്രാബല്യത്തിൽ സസ്പെസെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. "

3. ശ്രീ.പ്രകാശ് കുമാർ സമർപ്പിച്ച പരാമർശം 2 അപേക്ഷ(അനക്ഷർ എ7) പ്രകാരം, താൻ തികച്ചും നിരപരാധിയാണെന്നും തനിക്കെതിരായി ഭൂരിഭാഗം ആരോപണങ്ങളും തന്നോട് പ്രതികാര മനോഭാവം പുലർത്തുന്ന ചാർജ് ഓഫീസർ സൃഷ്ടിച്ചിട്ടുള്ളതാണെന്നും, ഇന്റേണൽ വിജിലൻസ് ആഫീസർ ആയ ശ്രീ.രമേശ് വാസ്തവവിരുദ്ധമായ റിപ്പോർട്ടാണ് ടിയാനെതിരെ നൽകിയിരിക്കുന്നത് എന്നും ബോധിപ്പിച്ചിട്ടുണ്ട്. നാളിതുവരെ തനിക്കെതിരേ പൊതുജനങ്ങളിൽ നിന്ന് യാതൊരു പരാതിയും ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ തനിക്കെതിരായ സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

4. ശ്രീ.പ്രകാശ് കുമാർ- ന്റെ അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

ശ്രീ. പ്രകാശ് കുമാർ പണവും മദ്യവും കൈക്കൂലിയായി വാങ്ങുന്നു എന്ന് ചാർജ് ഓഫീസർ മൊഴി നൽകിയിട്ടുള്ളതും, തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് രേഖാമൂലം റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ടിയാന്റെ അലമാരയിൽ മദ്യക്കുപ്പി കണ്ടെത്തിയെന്നും ചാർജ് ഓഫീസറുടെ മൊഴിയുണ്ട്. ആയത് സംബന്ധിച്ച് തെളിവുകളൊന്നും ലഭ്യമായിട്ടില്ലാ എന്നിരുന്നാലും ചാർജ് ഓഫീസറുടെ മൊഴി അവിശ്വസിക്കേണ്ടതായി കാണുന്നില്ല. 2023 ഒക്ടോബർ മാസത്തിൽ സോണൽ ഓഫീസിന്റെ ചുമതലയുള്ള ഹെൽത്ത് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിലെ മീറ്റിംഗിൽ കൌൺസിലറുടെ ആരോപണങ്ങളായ മദ്യം കൈക്കൂലിയായി വാങ്ങുന്നു, പുതിയ കെട്ടിട നമ്പർ അനുവദിക്കുന്നതിന് കൈക്കൂലി വാങ്ങുന്നു എന്നുള്ള ആരോപണങ്ങൾ ടി മീറ്റിംഗിൽ റവന്യൂ ഇൻസ്പെക്ടർ നിഷേധിച്ചിട്ടില്ല എന്നത് ചാർജ് ഓഫീസറെ കൂടാതെ മറ്റുള്ള ജീവനക്കാരും പ്രിൻസിപ്പൽഡയറക്ടർക്ക് മൊഴി നൽകിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എ9/4100/23, എ9/4519/23 നമ്പർ ഫയലുകൾ സംബന്ധിച്ച് ഫയലുകളുടെ കസ്റ്റോഡിയൻ സെക്ഷൻ ക്ലർക്കാണ് എന്ന വാദം അംഗീകരിക്കാവുന്നതാണ്, എന്നാൽ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാൻ ജാഗ്രത കാണിക്കേണ്ടതായിരുന്നു.

കെട്ടിട ഉടമ പൂരിപ്പിക്കേണ്ട ഫോറം -2 ന്റെ ആദ്യത്തെ പേജ് മാത്രമാണ് പരിശോധനയിൽ

കാണാൻ കഴിഞ്ഞത്, പ്രസ്തുത ഫോറം പൂരിപ്പിച്ചത് റവന്യൂ ഇൻസ്പെക്ടർ ആണ് എന്ന് കൈയ്യക്ഷരത്തിൽ നിന്നാണ് മനസിലായത് എന്ന് അറിവായി. മറ്റ് ഫയലുകൾ പരിശോധിച്ചതിൽ റവന്യൂ ഇൻസ്പെക്ടറുടെ കൈയ്യക്ഷരവുമായി ഫോറത്തിലെ രേഖപ്പെടുത്തലുകൾക്ക് സാമ്യമുള്ളതായി കാണുന്നു. ആയതിലെ ഒപ്പ് രേഖപ്പെടുത്തിയത് ആരാണെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. K smart ൽ ഉൾപ്പെടുത്തുന്നതിനുള്ള വിവരങ്ങൾ LDMS സോഫ്റ്റ് വെയർ മുഖേന ചാർജ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ച് അപ്രൂവ് ചെയ്ത റവന്യൂ ഇൻസ്പെക്ടറുടെ നടപടി തികച്ചും കൃത്യവിലോപമാണ്. ആയത് സംബന്ധിച്ച് ഡേറ്റാ എൻട്രി ഉദ്യോഗസ്ഥ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതുമാണ്.

കുടപ്പനക്കുന്ന് വില്ലേജിലെ സർവ്വെ നമ്പർ 439/15-1 ൽ ശ്രീ ഷാജി എസ് ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് തിരുവനന്തപുരം നഗരസഭയിലെ 12/3596(1) മുതൽ 3596 (7) വരെയുള്ള നമ്പരുകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നമ്പരുകൾ നൽകിയിട്ടുള്ളത് സെല്ലാർ, താഴത്തെ നില, ഒന്നാം നില, രണ്ടാം നില എന്നിവയിലായാണ്. ടി കെട്ടിടത്തിന് താഴത്തെ നിലയ്ക്ക് മുകളിലായി മൂന്ന് നിലകൾ ഉള്ളതായി കാണുന്നു. മൂന്നാം നിലയ്ക്ക് നമ്പർ നൽകിയിട്ടുള്ളതായി കാണുന്നില്ല.

നേരിട്ടുള്ള സ്ഥല പരിശോധനയിൽ സെല്ലാറിൽ ഇലക്ട്രിക് റൂമായി പറഞ്ഞിട്ടുള്ളതൊഴികെയുള്ള ഭാഗം പാർക്കിംഗിനായി ഉപയോഗിക്കുന്നതായി കാണുന്നു. പ്രസ്തുത റൂം ഷോപ്പ് ആയി കാണിച്ചത്, മൊത്തം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി അതേ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണെന്നും റിപ്പോർട്ടു ചെയ്യുന്നു. സെല്ലാർ മുതൽ മൂന്നാം നില വരെ ഒരേ വലിപ്പത്തിലുള്ള കെട്ടിടത്തിൽ താഴത്തെ നിലയിലെ രണ്ട് നമ്പരുകളിലായി 212.27 ച.മീ. വിസ്തീർണ്ണവും 1, 2 നിലകളിൽ രണ്ടു വീതം നമ്പരുകളിലായി 254.31 ച.മീ വിസ്തീർണ്ണവും ഉള്ളതായി കാണുന്നു. കെട്ടിടം പരിശോധിച്ചതിൽ സെല്ലാർ ഒഴികെ ഒരു നിലയിലും ഒന്നിലധികം റൂമുകളായി തിരിച്ചിട്ടില്ലെന്നു കാണുന്നു. അപ്രകാരമായിരിക്കെ ഒന്നിലധികം നമ്പർ അനുവദിച്ചതും താഴത്തെ നിലയിൽ ഉള്ളതിലധികം തറ വിസ്തീർണ്ണം മുകളിലെ നിലകളിൽ കാണിച്ചിരിക്കുന്നതും പെർമിറ്റ്/നമ്പറിംഗ് ഫയലിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട് എന്നും പ്രഥമദൃഷ്ട്യാ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്നും കാണുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും, നേരിട്ടുള്ള പരിശോധനയിലും കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ പ്രകാശ് കുമാറിന് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു., ടിയാനെതിരെ അച്ചടക്ക നടപടി തുടരാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു."

5. ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കുടപ്പനക്കുന്ന് സോണൽ ഓഫീസിൽ ചാർജ് ഓഫീസറായ ശ്രീമതി ജയകുമാരി ഓഫീസിൽ ഉണ്ടായിരുന്നിട്ടും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, ഉൾപ്പെടുത്തുന്നതിനായി ലഭിച്ചതുമായ രണ്ട് അപേക്ഷകളിൽ (എ9/4100/23, എ9/4519/23) ഫയൽ നോട്ട് രേഖപ്പെടുത്തി charge officer incharge എന്ന് ഒപ്പ് നൽകി അംഗീകരിച്ച് റവന്യൂ ഓഫീസറായ ശ്രീ. പ്രകാശ് കുമാർ.സി ഡേറ്റാ എൻട്രി നടത്തുന്നതിന് സെക്ഷനിൽ നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ് എന്ന് അറിയിക്കുന്നു. ടിയാന് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും, ടിയാൻ അധികാര ദുർവിനിയോഗവും ഔദ്യോഗിക രേഖകളിൽ കൃത്രിമം നടത്തിയതായും കാണുന്നതിനാൽ ടിയാനെ ഉടനടി സർവ്വീസിൽ പുനപ്രവേശിപ്പിക്കേണ്ടതില്ലെന്നും ശ്രീ. പ്രകാശ് കുമാർ സമർപ്പിച്ച അപ്പീൽ പരിഗണനാർഹമല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ

അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ ശ്രീ. പ്രകാശ് കുമാർ-ന് എതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം ശ്രീ.പ്രകാശ് കുമാർ- ന്റെ അപേക്ഷയുടേയും, തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ മേൽ വിഷയത്തിലുള്ള അഭിപ്രായറിപ്പോർട്ടിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ പ്രകാശ് കുമാറിന് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും, ടിയാൻ അധികാര ദുർവിനിയോഗവും ഔദ്യോഗിക രേഖകളിൽ കൃത്രിമം നടത്തിയതായും കാണുന്നു. ആയതിനാൽ ടിയാന്റെ അപേക്ഷയിലെ വാദങ്ങൾ അംഗീകരിക്കാൻ സാധിക്കുന്നതല്ലാത്തതിനാൽ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനപ്രവേശിപ്പിക്കണമെന്ന അപേക്ഷ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

7. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ ഒ.എ. 1106/2024 നമ്പർ കേസിലെ 18.07.2024 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.പ്രകാശ് കുമാർ.സി.,റവന്യൂ ഇൻസ്പെക്ടർ( Under suspension), റ്റി.സി. 53/2464, ഗൗരിശങ്കരം, റ്റി.ആർ.എ -54, എസ്റ്റേറ്റ് പോസ്റ്റ് ഓഫീസ്, പാപ്പനംകോട്, തിരുവനന്തപുരം-695019
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 01-10-2024 13:58:33
സെക്ഷൻ ഓഫീസർ